# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

<table>
<tr><td colspan="2">നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2480</td><td colspan="2">07.10.2016-ൽ മറുപടിയ്ക്ക്</td></tr>
<tr><td colspan="4">വഴിയോര കച്ചവടക്കാരുടെ സംരക്ഷണ നിയമം</td></tr>
<tr><td colspan="2">ചോദ്യം</td><td colspan="2">ഉത്തരം</td></tr>
<tr><td colspan="2">ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ</td><td colspan="2">ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി</td></tr>
<tr><td>(എ)</td><td>2014 ൽ പാർലമെൻറ് പാസ്സാക്കിയ വഴിയോര കച്ചവടക്കാരുടെ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;</td><td rowspan="2">(എ) & (ബി)</td><td rowspan="2">2014-ൽ പാർലമെന്റ് പാസ്സാക്കിയ വഴിയോര കച്ചവടക്കാരുടെ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 'Protection of Livelihood & Regulation of Street Vending Act 2014' - സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ദേശീയ നഗര ഉപജീവന മിഷൻ ബാധകമാക്കിയിട്ടുള്ള സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും തെരുവു കച്ചവടക്കാരെ കണ്ടെത്താനുള്ള സർവേ ആരംഭിക്കുകയും കാസർകോഡ്, കോഴിക്കോട്, മലപ്പുറം, കോട്ടയം, തൃശ്ശൂർ നഗരസഭകളിൽ സർവ്വേ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള നഗരസഭകളിൽ സർവ്വേ പുരോഗമിച്ചു വരുകയാണ്. പദ്ധതി നടപ്പിലാക്കാത്ത മറ്റു നഗരസഭകളിൽ സർവ്വെ നടപടികൾ ഉടനടി ആരംഭിക്കുന്നതാണ്. പദ്ധതിയുടെ മേൽനോട്ടത്തിനായി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി മറ്റെല്ലാ നഗര സഭകളിലേയ്ക്കും വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നഗരസഭകളെ മൂന്നു മേഖലകളായി തിരിച്ചുകൊണ്ട് നഗരസഭാ അദ്ധ്യക്ഷൻമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, നഗരസഭയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്കായി തെരുവ് കച്ചവട നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച ശിൽപശാലകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇല്ലെങ്കിൽ പ്രസ്തുത നിയമം നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ